2023
NOVEMBER
27
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓസ്ട്രേലിയയ്ക്കെതിരെ 44 റൺസിൻെറ തകർപ്പൻ ജയം

**തിരുവനന്തപുരം:** മുൻനിര ബാറ്റർമാർക്കു പിന്നാലെ ബോളർമാരും തിളങ്ങിയതോടെ ഓസ്ട്രേലിയയ്ക്കെതിരായ ട്വന്റി 20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 44 റൺസിന്റെ തകർപ്പൻ ജയം. ഇന്ത്യ ഉയർത്തിയ 236 റൺസ് വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ഓസീസ് ഇന്നിങ്സ് 20 ഓവറിൽ 9ന് 191ൽ അവസാനിച്ചു. 25 പന്തിൽ 45 റൺസ് നേടിയ മാർക്കസ് സ്റ്റോയിനിസാണ് അവരുടെ ടോപ് സ്കോറർ. മത്സരത്തിന്റെ ഒരുഘട്ടത്തിലും മികച്ച കൂട്ടുകെട്ട് സൃഷ്ടിക്കാനായതോടെ ഓസീസ് പരാജയം ഏറ്റുവാങ്ങുകയായിരുന്നു. ജയത്തോടെ ഇന്ത്യ പരമ്പരയിൽ 2, 0ന് മുന്നിലായി. അഞ്ചു മത്സരങ്ങളടങ്ങിയ പരമ്പരയിലെ മൂന്നാം മത്സരം ചൊവ്വാഴ്ച ഗുവാഹത്തിയിൽ നടക്കും.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയയ്ക്ക് സ്കോർ 35ൽ നിൽക്കേ ഓപ്പണർ മാറ്റ് ഷോർട്ടിനെ നഷ്ടമായി.19 റൺസെടുത്ത ഷോർട്ടിനെ രവി ബിഷ്ണോയ് ക്ലീൻ ബോൾഡാക്കി. പിന്നാലെ ജോഷ് ഇംഗ്ലിസിനെ (2) തിലക് വർമയുടെ കൈകളിലെത്തിച്ച് ബിഷ്ണോയ് രണ്ടാമത്തെ പ്രഹരമേൽപ്പിച്ചു. സ്കോർ 50 കടന്നതിനു പിന്നാലെ ഗ്ലെൻ മാക്സ്വെൽ പുറത്തായി. 8 പന്തിൽ 12 റൺസാണ് താരത്തിന്റെ സമ്പാദ്യം. സ്റ്റീവ് സ്മിത്തും അധികം വൈകാതെ മടങ്ങി. 19 റൺസ് നേടിയ സ്മിത്തിനെ പ്രസിദ്ധ് കൃഷ്ണ ജയ്സ്വാളിന്റെ കൈകളിലെത്തിച്ചു.

അഞ്ചാം വിക്കറ്റിൽ ടിം ഡേവിഡും സ്റ്റോയിനിസും ചേർന്ന് 81 റൺസ് കൂട്ടിച്ചേർത്തു. സ്കോർ 139ൽ നിൽക്കേ ടിം ഡേവിഡും (19) പിന്നാലെ സ്റ്റോയിനിസും (25 പന്തിൽ 45) മടങ്ങിയത് ഓസീസിനു തിരിച്ചടിയായി. സീൻ ആബട്ട്, നഥാൻ എല്ലിസ്, ആദം സാംപ എന്നിവർ ഓരോ റൺസു വീതമെടുത്ത് പുറത്തായി. ഇതോടെ ഓസീസ് 9ന് 155 എന്ന നിലയിലേക്കു വീണു. അവസാന വിക്കറ്റിൽ തൻവീർ സംഘയെ കൂട്ടുപിടിച്ച് ക്യാപ്റ്റൻ മാത്യു വെയ്ഡ് പോരാട്ടം നടത്തിയെങ്കിലും ഓസീസിനെ ജയത്തിലെത്തിക്കാനായില്ല. സ് നേടിയ താരം മാർക്കസ് സ്റ്റോയിനിസിന്റെ പന്തിൽ നാഥൻ എല്ലിസിനു ക്യാച്ച് നൽകിയാണ് മടങ്ങിയത്. 4 സിക്സും 3 ഫോറും ഉൾപ്പെടുന്നതാണ് ഇന്നിങ്സ്

# പാക്ക് ബന്ധമുള്ള തീവ്രവാദ സംഘടന കോഴിക്കോട്ട്

## എൻഐഎ റെയ്ഡ്; സുപ്രധാന രേഖകൾ കണ്ടെടുത്തു




**ന്യൂഡൽഹി :** പാക്കിസ്ഥാൻ ബന്ധമുള്ള തീവ്രവാദ സംഘടനയായ ഗസ്വ ഇ ഹിന്ദുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉൾപ്പെടെ നാലു സംസ്ഥാനങ്ങളിൽ ദേശീയ അന്വേഷണ ഏജൻസിയുടെ (എൻഐഎ) റെയ്ഡ്. പട്നയിൽ കഴിഞ്ഞ വർഷം റജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ടായിരുന്നു കോഴിക്കോട് ജില്ലയിലെ പരിശോധന. ക്രിമിനൽ ബന്ധം തെളിയിക്കുന്ന രേഖകളും ഡിജിറ്റൽ ഉപകരണങ്ങളും പിടിച്ചെടുത്തതായി എൻഐഎ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

കോഴിക്കോടിനു പുറമെ മധ്യപ്രദേശിലെ ദെവാസ്, ഗുജറാത്തിലെ സോമനാഥ്, ഉത്തർപ്രദേശിലെ അസംഘട്ട് ജില്ലകളിലായിരുന്നു എൻഐഎ സംഘം ഞായറാഴ്ച റെയ്ഡ് നടത്തിയത്. മൊബൈൽ ഫോണുകൾ, സിം കാർഡുകൾ എന്നിവയ്ക്ക് പുറമെ ചില സുപ്രധാന രേഖകളും കണ്ടെടുത്തിട്ടുണ്ട്. പട്നയിലെ ഫുൽവാരിഷരിഫ് പൊലീസ് സ്റ്റേഷനിൽ 2022 ജൂലായ് 14ന് റജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ടാണ് അന്വേഷണം. പാക്ക് പൗരൻ നിർമിച്ച വാട്സാപ്പ് ഗ്രൂപ്പിന്റെ അഡ്മിനായിരുന്ന മർഘൂബ് അഹമ്മദിനെ എൻഐഎ അറസ്റ്റ് ചെയ്തിരുന്നു.

ഗ്രൂപ്പ് അഡ്മിനായിരുന്ന മർഘൂബ് ഇന്ത്യയ്ക്കു പുറമെ ബംഗ്ലദേശ്, പാക്കിസ്ഥാൻ, യെമൻ എന്നിവിടങ്ങളിൽനിന്നുള്ള പലരേയും ഗ്രൂപ്പിലേക്ക് ചേർത്തു. ടെലഗ്രാം ഉൾപ്പെടെ മറ്റ് സമൂഹ മാധ്യമങ്ങളിലും ഇയാൾ സജീവമായിരുന്നു. യുവാക്കളെ സ്വാധീനിച്ച് ഗസ്വ ഇ ഹിന്ദ് ഇന്ത്യയിൽ സ്ഥാപിക്കുക എന്നതായിരുന്നു ലക്ഷ്യം. രാജ്യവ്യാപകമായി തീവ്രവാദികളുടെ സ്ലീപ്പർ സെൽ സജീവമാക്കാനായിരുന്നു ഇവരുടെ പദ്ധതിയെന്നും എൻഐഎ പറയുന്നു. മർഘൂബിനെതിരെ രാജ്യവിരുദ്ധ വകുപ്പുകൾ ചുമത്തി ജനുവരി 6ന് എൻഐഎ കുറ്റപത്രം സമർപ്പിച്ചു. ഇതിൽ അന്വേഷണം പുരോഗമിക്കുകയാണ്.

## സുപ്രീംകോടതി വിധി നടപ്പാക്കുമെന്നു ഗവർണർ

**തിരുവനന്തപുരം:** ബില്ലുകൾ സംബന്ധിച്ച സുപ്രീംകോടതി ഉത്തരവ് അതേപോലെ നടപ്പാക്കുമെന്നു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ബില്ലുകളിൽ ഒപ്പിടാത്ത ഗവർണറുടെ നടപടിക്കെതിരേ സംസ്ഥാനം ഫയൽ ചെയ്ത കേസ് സുപ്രീംകോടതി പരിഗണിക്കാനിരിക്കേയാണ് ഗവർണറുടെ മറുപടി.




# ഹമാസ് ഭീകരൻ ഗന്ദൂർ ഉൾപ്പെടെ 3 ഭീകരർ ഇസ്രയേൽ യുദ്ധത്തിൽ കൊല്ലപ്പെട്ടു

**ഗാസ:** മുതിർന്ന ഭീകരൻ ഉൾപ്പെടെ മൂന്നു ഭീകരരും ഇസ്രയേലിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഗന്ദൂർ സായുധ വിഭാഗത്തിലെ ഉയർന്ന റാങ്കിലുള്ളയാളും വടക്കൻ ഗാസയിലെ ഹമാസിന്റെ ഏറ്റവും മുതിർന്ന ഭീകരനുമായിരുന്നു.

ഒക്ടോബർ ഏഴിന് ഇസ്രയേലിൽ നുഴഞ്ഞു കയറി ഹമാസ് ഭീകരർ ആക്രമണം അഴിച്ചുവിട്ടതിനു പിന്നാലെ ആരംഭിച്ച യുദ്ധത്തിൽ കൊല്ലപ്പെട്ട ഏറ്റവും ഉയർന്ന റാങ്കിലുള്ള ഭീകരനാണു ഗന്ദൂർ എന്നാണ് റിപ്പോർട്ട്. 2017ൽ യുഎസ് രാജ്യാന്തര ഭീകര പട്ടികയിൽ ഉൾപ്പെടുത്തി, സാമ്പത്തിക ഉപരോധങ്ങളുടെ കരിമ്പട്ടികയിലും ചേർത്തിരുന്നു. 2006ൽ രണ്ട് ഇസ്രയേൽ സൈനികരുടെ മരണത്തിന് ഇടയാക്കിയ ആക്രമണം ഉൾപ്പെടെ നിരവധി ഭീകരവാദ പ്രവർത്തനങ്ങളിൽ ഇയാൾ ഉൾപ്പെട്ടിട്ടുണ്ട്.

ഈ ആക്രമണത്തിനു പിന്നാലെ ഇസ്രയേൽ സൈനികൻ ഗിലാദ് ഷാലിത്തിനെ തട്ടിക്കൊണ്ടുപോയി അഞ്ചു വർഷം തടവിൽ പാർപ്പിച്ചിരുന്നു.

പിന്നീട് 2011ൽ 1,027 പലസ്തീൻ തടവുകാരെ മോചിപ്പിക്കാം എന്ന ധാരണയിലാണ് ഷാലിത്തിനെ ഹമാസ് ഭീകരർ വിട്ടയച്ചത്.

കൊല്ലപ്പെട്ട ഭീകരൻ എസ്സീദിൻ അൽഖാസമിന്റെ റോക്കറ്റ് ഫയറിങ് യൂണിറ്റിന്റെ തലവനായിരുന്നു. ഇവർ തുടങ്ങിവച്ച ആക്രമണം തുടരുമെന്നും ഹമാസ് ഭീകരർ പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

ഗന്ദൂറിന്റെ പാത പിന്തുടരുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഗന്ദൂറിന്റെ രക്തം വെളിച്ചമാണ്, എന്നാൽ അധിനിവേശക്കാർക്ക് അത് തീയാണ് ഹമാസ് ഭീകരർ വ്യക്തമാക്കി.



# കൊച്ചിയിൽ ആദായനികുതി വകുപ്പിന്റെ പുതിയ ഭവൻ ഉദ്ഘാടനം കേന്ദ്രമന്ത്രി നിർവഹിച്ചു

**കൊച്ചി :** ആദായനികുതി വകുപ്പ് പോലുള്ള ഓഫീസുകൾക്ക് കാര്യക്ഷമവും സൗന്ദര്യാത്മകവുമായ പ്രവർത്തന അന്തരീക്ഷം ഉണ്ടായിരിക്കണമെന്ന് കേന്ദ്ര ധനകാര്യ, കോർപ്പറേറ്റ് കാര്യ മന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ഇന്ന് പറഞ്ഞു. കേരളത്തിൽ കൊച്ചിയിൽ ആദായനികുതി വകുപ്പിന്റെ പുതുതായി നിർമിച്ച മന്ദിരമായ ആയ്ക്കർ ഭവന്റെ ഉദ്ഘാടനം കൊച്ചിയിലെ ഗോകുലം പാർക്ക് ഹോട്ടൽ & കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ അവർ നിർവഹിച്ചു .

കൊച്ചി വിമാനത്താവളം പോലെ ആയ്ക്കർ ഭവനും കേരളത്തിന്റെ തനത് പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന തരത്തിൽ മികച്ച സവിശേഷതകളുണ്ടെന്ന് ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു. അത്തരമൊരു ജോലി സ്ഥലം മൂലമുള്ള പ്രയോജനവും ഉദ്യോഗസ്ഥരുടെ മാനസിക സന്നദ്ധതയും ഈ സ്ഥലത്തെ കൂടുതൽ ആതിഥ്യ സൗഹൃദം ആക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു. നികുതി ദായകരെ സഹായിക്കുന്നതിന് എല്ലാ രേഖകളും പ്രാദേശിക ഭാഷയിൽ അപ്‌ലോഡ് ചെയ്യണമെന്നും അവർ വകുപ്പിനോട് അഭ്യർത്ഥിച്ചു. നികുതി പിരിവിൽ ദേശീയ വളർച്ചാ നിരക്കായ 17.4 ശതമാനത്തെ മറികടന്ന്, 23.2 ശതമാനം വളർച്ച രേഖപ്പെടുത്തിയതിന് വകുപ്പിനെ മന്ത്രി അഭിനന്ദിച്ചു. ആദായനികുതി വകുപ്പ് അതിന്റെ മികച്ച പ്രവർത്തന ക്ഷമത തുടരണമെന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

സിബിഡിറ്റി ചെയർമാൻ ശ്രീ നിതിൻ ഗുപ്ത, സിബിഡിറ്റി അംഗം ശ്രീ സഞ്ജയ് കുമാർ വർമ്മ, കേരളത്തിലെ ഇൻകം ടാക്സ് പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ ശ്രീ സുനിൽ മാത്തൂർ എന്നിവർ പങ്കെടുത്തു .പരിപാടിയുടെ ഭാഗമായി കേന്ദ്ര ധനകാര്യ മന്ത്രി ടാക്സ് ഡിഡക്ടേഴ്സ് ഗൈഡ് 2023 പുറത്തിറക്കി . ഇത് ടിഡിഎസ് വ്യവസ്ഥകളുടെ മലയാളത്തിലുള്ള ഒരു സംഗ്രഹമാണ്. ഇത് നികുതി ദായകർക്ക് ടിഡിഎസ് വ്യവസ്ഥകൾ കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കാനും അത്തരം വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സഹായിക്കും. ശാസ്ത്രീയ മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനായി ചന്ദ്രയാൻ മാതൃകകൾ ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചടങ്ങിൽ ധനമന്ത്രി വിതരണം ചെയ്യുകയും ചെയ്തു .

തുടർന്ന് വൈകുന്നേരം പുതുതായി നിർമ്മിച്ച ആയ്ക്കർ ഭവനിൽ നടന്ന ചടങ്ങിൽ ധനമന്ത്രി റിബൺ മുറിച്ച് കെട്ടിടം ഉദ്ഘാടനം ചെയ്യുകയും ഫലകം അനാച്ഛാദനം ചെയ്യുകയും ചെയ്തു

ഏകദേശം 64 കോടി രൂപ പദ്ധതി ചെലവിൽ 8,227 ചതുരശ്ര മീറ്റർ ബിൽറ്റ്അപ് ഏരിയയും 4,469 ചതുരശ്ര മീറ്റർ കാർപെറ്റ് ഏരിയയുമാണ് ആയ്ക്കർ ഭവന്റെ വിസ്തീർണം.

# സെൽവിന്റെ ഹൃദയം ഇനി ഹരിനാരായണനിൽ മിടിക്കും



**കൊച്ചി:** മസ്തിഷ്ക മരണം സംഭവിച്ച തമിഴ്നാട് കന്യാകുമാരി വിളവിൻകോട് സ്വദേശി സെൽവിൻ ശേഖറിന്റെ (36) ഹൃദയമാണ് കായംകുളം സ്വദേശി ഹരിനാരായണനിൽ (16) മാറ്റി വച്ചത്. ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോ മയോപതി എന്ന അസുഖമായിരുന്നു ഹരിനാരായണന്. ഈ വർഷം ഏപ്രിൽ മാസത്തിലാണ് കടുത്ത ശ്വാസതടസ്സത്തെ തുടർന്ന് ഹരിനാരായണൻ ലിസി ആശുപത്രിയിൽ ചികിത്സ തേടി എത്തിയത്. അദ്ദേഹത്തെ പരിശോധിച്ച ഡോക്ടർമാർ ആദ്യം മരുന്നുകൾ കൊണ്ട് ശ്രമിച്ചെങ്കിലും പിന്നീട് രോഗം ഗുരുതരമായ സാഹചര്യത്തിൽ ഹൃദയം മാറ്റിവയ്ക്കൽ ആണ് ഏക പോംവഴി എന്ന് പറയുകയായിരുന്നു. കഴിഞ്ഞ മാസമാണ് കേരള സർക്കാർ സംവിധാനമായ കെ സോട്ടോയിൽ ഹരിനാരായണന്റെ പേര് ഹൃദയത്തിനായി രജിസ്റ്റർ ചെയ്തത്. ഹരിനാരായണന്റെ കുടുംബം ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും ഭാരിച്ച ചികിത്സാ ചെലവ് താങ്ങുവാൻ കഴിയാതെ തിരിച്ചു വരികയായിരുന്നു.സമാന രക്ത ഗ്രൂപ്പിൽപ്പെട്ട സെൽവിന്റെ ഹൃദയം ഹരിനാരായണന് അനുയോജ്യമാണെന്ന് മനസ്സിലാക്കിയ ഉടൻ തന്നെ ലിസി ആശുപത്രിയിലെ ഡോ. ജേക്കബ് ഏബ്രഹാം, ഡോ. ജീവേഷ് തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള ആറംഗ മെഡിക്കൽ സംഘം തിരുവനന്തപുരത്തേക്ക് പുറപ്പെടുകയും രാത്രിയോടെ അവിടെ എത്തുകയും ചെയ്തു. ഓരോ നിമിഷത്തിനും പ്രാധാന്യമുള്ള ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ദൂരം ഒരു വലിയ പ്രതിസന്ധിയായിരുന്നു. അതേത്തുടർന്ന് ആശുപത്രി അധികൃതർ മന്ത്രി പി. രാജീവിനെ ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ ഇടപെടലിന്റെ ഭാഗമായി ഹൃദയമെത്തിക്കുന്നതിന് കേരള സർക്കാർ വാടകക്കെടുത്തിരിക്കുന്ന ഹെലികോപ്റ്റർ വിട്ടു നൽകുവാൻ മുഖ്യമന്ത്രി ഡിജിപിക്ക് നിർദ്ദേശം നൽകുകയുമായിരുന്നു.വിജയകരമായി ശസ്ത്രക്രിയ പൂർത്തിയാക്കിയ ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറത്തെയും സംഘത്തെയും മുഖ്യമന്ത്രി ഫോണിൽ വിളിച്ച് അഭിനന്ദനം അറിയിച്ചുപൂർണമായും സൗജന്യമായി ഹെലികോപ്റ്റർ വിട്ടു നൽകിയ മുഖ്യമന്ത്രിക്കും അതിന് മുൻകൈഎടുത്ത മന്ത്രി പി. രാജീവിനും ഗതാഗത ക്രമീകരണങ്ങൾ ഒരുക്കിയ പോലീസ് സേനക്കും ഡയറക്ടർ ഫാ. പോൾ കരേടൻ നന്ദി പറഞ്ഞു.ഡോ.ജേക്കബ് എബ്രഹാം, ഡോ.ഭാസ്കർ രംഗനാഥൻ, ഡോ.റോണി മാത്യു, ഡോ. ജീവേഷ് തോമസ്, ഡോ.ജോ ജോസഫ്, ഡോ.പി. മുരുകൻ, ഡോ.ജോബ്‌വിൽസൺ,ഡോ.ഗ്രേസ് മരിയ, ഡോ.ആന്റണി, സുഭാഷിണി, രാജി രമേഷ്, സിസ്റ്റർ ആഗ്നമരിയ,ലെവിൻ ആന്റണി, ജിഷ ജോർജ് തുടങ്ങിയവരുംശസ്ത്രക്രിയയിൽ പങ്കാളികളായിരുന്നു.

# ജിയോഫിസിക്കൽ യൂണിയന്റെ വജ്ര ജൂബിലി വാർഷിക സമ്മേളനം സമാപിച്ചു

**കൊച്ചി:** ഭൗമശാസ്ത്രരംഗത്ത് സമൂലമായ പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ വജ്രജൂബിലി വാർഷിക സമ്മേളനത്തിനു കേരളവും , കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും വേദിയാകുന്നത് അഭിമാനകരമാണെന്ന് അമേരിക്കൻ ജിയോഫിസിക്കൽ യൂണിയന്റെ അധ്യക്ഷ പ്രൊഫ ലിസ ഗ്രേയംലിച് പറഞ്ഞു. കുസാറ്റ് മറൈൻ സയൻസ് ക്യാമ്പസിൽ നടന്ന ജിയോഫിസിക്കൽ യൂണിയന്റെ വജ്ര ജൂബിലി വാർഷിക സമാപന സമ്മേളനം അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ഭൗമശാസ്ത്രഗവേഷണത്തിൽ സവിശേഷമായി സമുദ്രപര്യവേഷണത്തിൽ ലോകരാജ്യങ്ങളുടെ സഹകരണത്തിന്റെ അനിവാര്യത അവർ ചൂണ്ടിക്കാട്ടി.

രാജ്യാതിർത്തിക്കൾക്കുമപ്പുറം മാനവസമൂഹത്തിന്റെ അതിജീവനത്തിനും, പരിസ്ഥിതിക്കും സാമൂഹികാവശ്യങ്ങൾക്കും നിലകൊള്ളുന്ന ഏകികൃതമായ ഭൂമി എന്നതാണ് ഇന്റർനാഷണൽ ജിയോളജിക്കൽ കോൺഗ്രസിന്റെ ഈ വർഷത്തെ സമ്മേളനമുദ്രാവാക്യമെന്ന് ഇന്റർനാഷണൽ ജിയോളജിക്കൽ കോൺഗ്രസ് അധ്യക്ഷൻ പ്രൊഫ. ഡോ ടെക്യോ ചെയോങ് പറഞ്ഞു. കൊവിഡാനന്തരം എല്ലാ ലോകരാജ്യങ്ങളിൽ നിന്നുമുള്ള ഔദ്യോഗിക സർക്കാർ പ്രതിനിധികളും, ഗവേഷകരും, ഭൗമശാസ്ത്രകാരന്മാരും പങ്കെടുക്കുന്ന ഏറ്റവും സുപ്രധാനമായ സമ്മേളനം, വരുന്ന വർഷം സൗത്ത് കൊറിയയിൽ നടക്കുമെന്നും ഇരുവരും കൂട്ടിച്ചേർത്തു.

കുസാറ്റിലെ ജിയോളജി ആൻഡ് ജിയോഫിസിക്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മൂന്ന് ദിവസമായി നടന്ന ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ അറുപതാം വാർഷിക സമ്മേളനസമ്മേളനത്തിൽ, ഇന്റർനാഷണൽ ജിയോളജിക്കൽ കോഗ്രസ് അധ്യക്ഷൻ പ്രൊഫ. ഡോ ടെക്യോ ചെയോങ്, അമേരിക്കൻ ജിയോഫിസിക്കൽ യൂണിയന്റെ അധ്യക്ഷ പ്രൊഫ ലിസ ഗ്രേയംലിച് തുടങ്ങി ഇന്ത്യൻ ഭൗമശാസ്ത്രമേഖലയിലെ മുൻനിര ഗവേഷകരുടെയും വിദ്യാഭ്യാസവിചക്ഷണരുടേയും സജീവ പങ്കാളിത്തം ഏറെ ശ്രദ്ധേയമായി. കുസാറ്റിലെ മറൈൻ സയൻസ് ക്യാമ്പസിൽ സമാന്തര വേദികളിലായി നടന്ന വിവിധ മീറ്റിംഗുകളിൽ അഞ്ഞൂറിലേറെ പ്രതിനിധികൾ പങ്കെടുത്തു.





ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ നഴ്സിംഗ് കോളേജിൽ നടന്ന സെമിനാർ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്തപ്പോൾ. ഡോ. കൃപ, പ്രൊ. കവിതാ വി.സി, സ്വാമി ഋതംഭരാനന്ദ, എസ് ഷാജി, ബീന. ബി, ജ്യോതി ജോസഫ് തുടങ്ങിയവർ സമീപം

# ശിവഗിരി നഴ്സിംഗ് കോളേജിൽ സംസ്ഥാനതല സെമിനാർ നടത്തി

**ശിവഗിരി** : നഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളും വെല്ലുവിളികളും എന്ന വിഷയത്തിൽ സംസ്ഥാനതല സെമിനാർ നടന്നു.

ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ നഴ്സിംഗ് കോളേജിൽ നടന്ന സെമിനാർ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രി സെക്രട്ടറി സ്വാമി ഋതംഭരാനനന്ദ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ വിവിധ നഴ്സിംഗ് കോളേജുകളെ പ്രതിനിധീകരിച്ചു കൊണ്ട് പ്രൊ. മാത്യു സോണി (എച്ച്.ഒ.ഡി. കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ്, പുഷ്പഗിരി തിരുവല്ല), ഡോ. ലതാദാമോദരൻ (പ്രിൻസിപ്പൾ, സിമറ്റ് കോളേജ്, നൂറനാട്), ഡോ. ലിജ ആർ നാഥ് ( വൈസ് പ്രിൻസിപ്പൾ, ശ്രീഗോകുലം കോ. ഓഫ് നഴ്സിംഗ്, വെഞ്ഞാറമൂട്), എൽസമ്മ ടോമിച്ചൻ (മുത്തൂറ്റ് ഹോസ്പിറ്റൽസ്, കോഴഞ്ചേരി), പ്രൊ. സാറാമ്മ എൻ. ബി (വൈസ് പ്രിൻസിപ്പൾ, വിംസ് കോളേജ് ഓഫ് നഴ്സിംഗ്, പാലക്കാട്), ആതിര എൻ. ആർ (അസീസിയ, മീയന്നൂർ) എന്നിവർ ക്ലാസുകൾ നയിച്ചു. ശിവഗിരി നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. കൃപ, വൈസ് പ്രിൻസിപ്പൽ പ്രൊ. കവിതാ വി.സി, ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രി അഡ്മിനിസ്ട്രേറ്റർ എസ് ഷാജി, നഴ്സിംഗ് സൂപ്രണ്ട് ബീന. ബി, സ്കൂൾ ഓഫ് നഴ്സിംഗ് പ്രൻസിപ്പൽ ജ്യോതി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

## 50 ശതമാനത്തിലേറെ ഇന്ത്യക്കാർക്കും ആദ്യം വാങ്ങിയ ഫർണീച്ചറുമായി വൈകാരികമായ ബന്ധം: ഗോദ്റെജ് ഇൻറീരിയോ 'ഹോംസ്കേപ്സ്' സർവേ

**കൊച്ചി:** ഇന്ത്യയിലെ പകുതിയിലധികം ഉപഭോക്താക്കളും (58 ശതമാനം) അവർ സ്വന്തമായി വാങ്ങിയ ആദ്യത്തെ ഫർണിച്ചറിനോട് അഗാധമായ വൈകാരിക അടുപ്പം പ്രകടിപ്പിക്കുന്നുവെന്ന് ഗോദ്റെജ് ഇൻറീരിയോ നടത്തിയ 'ഹോംസ്കേപ്സ്' സർവേ ചൂണ്ടിക്കാട്ടുന്നു. തങ്ങൾ ആദ്യമായി വാങ്ങിയ ഫർണീച്ചറിനെ ഒരു സാമൂഹിക ഇടമായി കാണുന്ന രീതിയാണ് പകുതിയോളം (44 ശതമാനം) പേർക്കും ഉള്ളതെന്നും സർവേ ചൂണ്ടിക്കാട്ടുന്നു. വീടുമായും വീട്ടിലെ മറ്റു വസ്തുക്കളുമായും ഉള്ള ഉപഭോക്താക്കളുടെ കാഴ്ചപ്പാടും മൂല്യവും വിലയിരുത്തുന്നതിനായാണ് ഗോദ്റെജ് ഇൻറീരിയോ 'ഹോംസ്കേപ്സ്' സർവേ സംഘടിപ്പിച്ചത്.

തൻറേതായ സമയം ചെലവഴിക്കാനുള്ള ഇടമായാണ് സർവേയിൽ പങ്കെടുത്തവരിൽ 33 ശതമാനം പേരും വീടിനെ കാണുന്നത്. ഉറക്കം, മെഡിറ്റേഷൻ, സ്വയം പരിരക്ഷ, ബാൽക്കണി ഗാർഡൻ തുടങ്ങിയവയ്ക്കായി ചെലവഴിക്കുന്ന ഇടമായി അവർ ഇതിനെ പ്രയോജനപ്പെടുത്തുന്നു. വീടുകളിലെ ഫർണീച്ചർ, ഫർണീഷിങ്ങുകൾ, അലങ്കാരങ്ങൾ എന്നിവ തങ്ങളുടെ വ്യക്തിഗത വളർച്ച മാത്രമല്ല പ്രൊഫഷണൽ, സാമ്പത്തിക പുരോഗതിയെ സൂചിപ്പിക്കുന്നുവെന്ന് സർവേയിൽ പങ്കെടുത്ത 74 ശതമാനം പേരും വിശ്വസിക്കുന്നു.

# വികസിത് ഭാരത് സങ്കൽപ്പ് യാത്രയ്ക്ക് ഇന്ന് കണ്ണൂർ ജില്ലയിൽ തുടക്കമാകും

**കണ്ണൂർ :** കേന്ദ്ര ഗവൺമെൻറിന്റെ വികസന ക്ഷേമ പദ്ധതികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വികസിത ഭാരത് സങ്കല്പ് യാത്രയ്ക്ക് തിങ്കളാഴ്ച ജില്ലയിൽ തുടക്കമാകും. ചെറുപുഴയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എഫ്. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും.

രാജ്യത്തെ മൂന്നു മേഖലകളായി തിരിച്ച് സംഘടിപ്പിക്കുന്ന പ്രചാരണ പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇക്കഴിഞ്ഞ 15 ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അട്ടപ്പാടിയിൽ നിർവഹിച്ചിരുന്നു.

ചെറുപുഴയിൽ ആരംഭിക്കുന്ന യാത്ര ജില്ലയിലെ എഴുപത്തൊന്ന് ഗ്രാമ പഞ്ചായത്തുകളിലും ഒരു കേന്ദ്രത്തിൽ വീതം പര്യടനം നടത്തും. ജില്ലാ ലീഡ് ബാങ്കിന്റെ നേതൃത്വത്തിലാണ് പ്രചാരണ പരിപാടി.

കാർഷിക മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുപുഴയിൽ കർഷകർക്കായി പ്രത്യേക ഡ്രോൺ പ്രദർശിപ്പിക്കും. പ്രധാനമന്ത്രി ഉജ്വല യോജന ഗുണഭോക്താ ക്കൾക്കായി സൗജന്യ ഗ്യാസ് കണക് ഷൻ വിതരണം, ആധാർ സേവനങ്ങൾ, ജനസുരക്ഷ ക്യാമ്പ് തുടങ്ങിയവയും ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. നബാർഡ്, കൃഷി വിജ്ഞാൻ കേന്ദ്ര, തപാൽ, കൃഷി വകുപ്പുകൾ, ഇന്ത്യൻ ഓയിൽ കോർപറേഷൻ തുടങ്ങിയവ പരിപാടി യിൽ പങ്കെടുക്കും.

ജനക്ഷേമ പദ്ധതികളെ ക്കുറിച്ച് വിവര വിനിമയത്തിനൊപ്പം വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളെ ചേർക്കുന്നന്നതിനും നടപടികളുണ്ടാകും.യാത്രക്കായി പ്രത്യേകം സജ്ജീകരിച്ച വിവര വിദ്യാഭ്യാസ വിനിമയ വാഹനത്തിൽ പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും ഗുണഭോ ക്താക്കളുടെ അനുഭവ വിവരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ലീഡ് ഡിസ്ട്രിക്ട് മാനേജർ ഇ. പ്രശാന്ത്, കനറാ ബാങ്ക് എ ജി എം രാജേഷ് എ.യു, പയ്യന്നൂർ ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ അൽബിൻ ജേക്കബ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിക്കും.

കണ്ണൂർ കോർപ റേഷനിൽ രണ്ട് കേന്ദ്രങ്ങളിലും മുനിസിപ്പാലിറ്റികളിൽ ജനസംഖ്യാനുപാതികമായി രണ്ടോ അതിലധികമോ കേന്ദ്രങ്ങളിലും ഐ ഇ സി വാൻ പ്രചാരണം നടത്തും.



# കല്ലട ജലോത്സവം ചാമ്പ്യൻസ് ബോട്ട് ലീഗ്: വിയപുരം ചുണ്ടൻ ജേതാക്കൾ

**കൊല്ലം:** സംസ്ഥാന ടൂറിസം വകുപ്പ് മൺറോതുരുത്ത് മുതിരപ്പറമ്പ് കാരൂത്തറ കടവ് നെട്ടായത്തിൽ സംഘടിപ്പിച്ച ചാമ്പ്യൻസ് ബോട്ട് ലീഗ് 11ാമത് പാദ മത്സരത്തിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബിൻറെ വിയപുരം ചുണ്ടൻ ഒന്നാം സ്ഥാനത്തെത്തി.

ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ യുണൈറ്റഡ് ബോട്ട് ക്ലബ് കൈനകരിയുടെ നടുഭാഗം ചുണ്ടൻ രണ്ടാം സ്ഥാനത്തെത്തി. പോലീസ് ബോട്ട് ക്ലബിൻറെ മഹാദേവിക്കാട് കാട്ടിൽ തേക്കതിൽ മൂന്നാം സ്ഥാനത്തെത്തി. കല്ലട ജലോത്സവത്തിൽ ഇരുട്ടുകുത്തി എ ഗ്രേഡ് യുവ സാരഥി ബോട്ട് ക്ലബിൻറെ സരിത്ത് ബാബു ക്യാപ്റ്റനായ മൂന്ന് തൈക്കൻ ഒന്നാം സ്ഥാനം നേടി.

സന്തോഷ് ശിപായിത്തറ ക്യാപ്റ്റനായ കെ.കെ.ബി.സി മൺറോത്തുരുത്തിൻറെ തുരുത്തിത്തറ രണ്ടാം സ്ഥാനം, ഫീനിക്സ് മൺറോത്തുരുത്ത് വൈശാഖ് ക്യാപ്റ്റനായ മാമൂടൻ മൂന്നാം സ്ഥാനം, ഇരുട്ടുകുത്തി ബി വില്ലിമംഗലം എംജിഎമ്മിൻറെ ഡെസ് ലി റോയ് ക്യാപ്റ്റനായ ശരവണൻ ഒന്നാം സ്ഥാനം, ദീപു ക്യാപ്റ്റനായ ശിങ്കാരപ്പള്ളി യുവരശ്മിയുടെ സെൻറ് ജോസഫ് രണ്ടാംസ്ഥാനം, പെരുങ്ങാലം ഭാവനയുടെ ചന്തു ക്യാപ്റ്റനായ ഡാനിയേൽ മൂന്നാം സ്ഥാനവും നേടി.

വെപ്പ് എ ഗ്രേഡ് മൺറോത്തുരുത്ത് വേണാട് ബോട്ട് ക്ലബിൻറെ അളകാപുരി ബദ്രിനാഥ് ക്യാപ്റ്റനായ ഷോട്ട് പുളിക്കത്തറ ഒന്നാമനായി. കൺട്രാം കാണി സ്പാർട്ടൻസ് ബോട്ട് ക്ലബിൻറെ രഞ്ജിത്ത് ക്യാപ്റ്റനായ നവജ്യോതി രണ്ടാം സ്ഥാനവും നേടി.

വെപ്പ് ബി ഗ്രേഡ് ഇന്ത്യൻ ബോയ്സിൻറെ സൗരവ് ക്യാപ്റ്റനായ പുന്നത്തറ പുരയ്ക്കൽ ഒന്നാമതായി. രഞ്ജിത്ത് കണ്ഠത്തിൽ ക്യാപ്റ്റനായ പടിഞ്ഞാറേക്കല്ലട അംബേദ്കർ ബോട്ട് ക്ലബിൻറെ ചിറമേൽ തോട്ടുകടവൻ രണ്ടാം സ്ഥാനവും യുണൈറ്റഡ് കല്ലട ബോട്ട് ക്ലബിൻറെ താഹ ക്യാപ്റ്റനായ പി.ജി. കരിപ്പുഴ മൂന്നാം സ്ഥാനവും നേടി.

യൂസേഴ്സ് ഫൈനലിൽ വേമ്പനാട്ട് ബോട്ട് ക്ലബിൻറെ ആയാപ്പറമ്പ് പാണ്ടി ഒന്നാമതും കെബിസിയുടെ പായിപ്പാടാൻ രണ്ടാമതും കുമരകം ബോട്ട് ക്ലബിൻറെ ചമ്പക്കുളം മൂന്നാം സ്ഥാനവും നേടി.ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ജലോ ത്സവം ഉദ്ഘാടനം ചെയ്തു. കോവൂർ കുഞ്ഞുമോൻ എം എൽ എ അധ്യക്ഷനായി.

ജില്ലാ കളക്ടർ എൻ .ദേവീദാസ്, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജയദേവി മോഹൻ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അൻസർ ഷാഫി, പടിഞ്ഞാറെകല്ലട ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ഡോ. സി. ഉണ്ണികൃഷ്ണൻ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബി .ദിനേശ്, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ബി. ജയചന്ദ്രൻ, മൺറോതുരുത്ത് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ആർ. അനീറ്റ, പ്രാദേശിക കമ്മിറ്റി ജനറൽ കൺവീനർ ബിനു കരുണാകരൻ, ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എസ്. പ്രമീള, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## അമിതവണ്ണത്തിന് സൗജന്യ ചികിത്സ

**കൊച്ചി:** അമിതവണ്ണം കുറയ്ക്കുന്നതിന് ഫലപ്രദമായ ഡയറ്റും യോഗയും ചേർന്ന ചികിത്സ തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിലെ സ്വസ്ഥവൃത്ത വിഭാഗം ഒ.പി നമ്പർ ഏഴിൽ ഗവേഷണാടിസ്ഥാനത്തിൽ സൗജന്യമായി ലഭ്യമാണ്.പ്രായം: 25 നും 50 നും മദ്ധ്യേ.ഒ.പി സമയം : തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ (രാവിലെ 8 മുതൽ 1 വരെ)

കൂടുതൽ വിവരങ്ങൾക്ക് : 9995577467, 9916940386

### അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ നവംബർ 30ന് രാവിലെ 10ന് അഞ്ചു സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേയ്ക്ക് അഭിമുഖം നടത്തുന്നു.

താൽപ്പര്യമുള്ളവർ നവംബർ 29ന് മുൻപായി അപേക്ഷിക്കുക.18നും 35നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

യോഗ്യത: ഡിപ്ലോമ, ഡിഗ്രി/ എം.ബി.എ. ഐ.ടി.ഐ/ ഡിപ്ലോമ, ഏതെങ്കിലും വിഷയത്തിൽ ബിരുദം, തമിഴ് ഹിന്ദി ഭാഷാപ്രാവിണ്യം അഭികാമ്യം, ബി.ടെക്ക്/ ഡിപ്ലോമ (സിവിൽ, ഇലക്ട്രിക്കൽ), പ്ലസ് ടു, ബിരുദം. കൂടുതൽ വിവരങ്ങൾക്ക്: 04842422452, 2427494.

### ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** പെരുമ്പാവൂർ സബ് കോടതിയിൽ ബൈൻഡിങ് ജോലികൾ ചെയ്യുന്നതിനായി സീൽഡ് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി :ഡിസംബർ 11 വൈകിട്ട് മൂന്നു വരെ . കൂടുതൽ വിവരങ്ങൾക്ക് : 0484 2593408

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ചികിത്സതേടുന്ന ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ, ജെ.എസ്.വൈ, ആർ.ബി.എസ്.കെ (എ.കെ) രോഗികൾക്കാവശ്യമായ ലാബ് പരിശോധനകൾ 2024 ജനുവരി ഒന്ന് മുതൽ ഒരു വർഷത്തേക്ക് ചെയ്തു നൽകുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ടെൻഡർ ക്ഷണിച്ചു. കവറുകളുടെ പുറത്ത് ലാബ് ടെസ്റ്റ് ചെയ്യുന്നതിനുള്ള ടെൻഡർ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെസ്റ്റുകളുടെ പട്ടിക ഓഫീസിൽ ലഭ്യമാണ്. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ രാവിലെ 11 വരെ. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** 2023 ഡിസംബർ ഒന്ന് മുതൽ 2024 നവംബർ 30 വരെയുള്ള കാലയളവിലേക്ക് മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പ്രിന്റിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെഡറുകൾ ക്ഷണിച്ചു. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30 ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** 2023 ഡിസംബർ ഒന്ന് മുതൽ 2024 നവംബർ 30 വരെയുള്ള കാലയളവിലേക്ക് മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ കാന്റീൻ നടത്തുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30 ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

## വനാമി ചെമ്മീൻകൃഷിയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരളസർക്കാരിന്റെ വനാമി ചെമ്മീൻകൃഷി വികസന പദ്ധതി എറണാകുളം,തൃശൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ ഫോമിന്റെ മാതൃക, ധനസഹായംസംബന്ധിച്ച വിവരങ്ങൾ എന്നിവ അഡഅഗന്റെ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ രേഖകൾ സഹിതം റീജിയണൽഓഫീസ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള, (അഡഅഗ), സെൻട്രൽ സോൺ, സി.സി.60/3907, പെരുമാനൂർ.പി.ഒ, കനാൽറോഡ്, തേവര, കൊച്ചി682015, എന്ന വിലാസത്തിൽ ഡിസംബർ എട്ട് വൈകീട്ട് 5ന് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്.

തൃശൂർ ജില്ലയിൽ കർഷകർക്ക് അപേക്ഷകൾ അഡഅഗ പൊയ്യ ഫാമിൽ നേരിട്ട് നൽകാവുന്നതാണ്. അർഹത സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി താഴെപ്പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ 0484 2665479 , 8078030733.

# പകർച്ചവ്യാധി പ്രതിരോധം ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്

### ഡെങ്കിപ്പനി, എലിപ്പനി എന്നിവയെ പ്രതിരോധിക്കാൻ കൂട്ടായ യത്നം അനിവാര്യം

**കൊച്ചി:** ഇടവിട്ടുള്ള മഴ തുടരുന്നതിനാൽ ജില്ലയിൽ ഡെങ്കി പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികളുടെ വ്യാപനം കൂടി വരുന്നുണ്ട്. വീടുകളും സ്ഥാപനങ്ങളും പൊതു ഇടങ്ങളും ഉൾപ്പെടെ രോഗം പരത്തുന്ന കൊതുകുകളുടെ നിയന്ത്രണം സമഗ്രമായ രീതിയിൽ തുടരേണ്ടത് രോഗപ്പകർച്ച തടയുന്നതിനും രോഗനിയന്ത്രണത്തിനും അനിവാര്യമാണ്.

ജില്ലയിൽ കൊച്ചിൻ കോർപ്പറേഷനിലാണ് കൂടുതൽ രോഗബാധിതർ. ഡിവിഷൻ നമ്പർ 31,32 കലൂർ,മട്ടാഞ്ചേരി, ഇടപ്പള്ളി, വടുതല, കൂത്തപ്പാടി മുതലായ പ്രദേശങ്ങളിൽ നിന്നാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ കളമശ്ശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ എന്നീ നഗരസഭ പ്രദേശങ്ങളിലും ഡെങ്കിപനി ബാധിതർ കൂടുതലാണ്.

ജനപ്രതിനിധികളോടൊപ്പം സന്നദ്ധ പ്രവർത്തകർ,വിവിധ വകുപ്പുകൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും പൊതുജനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയും മാത്രമാണ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാവുകയുള്ളൂ. ജില്ലയിൽ ഡെങ്കിബാധിതപ്രദേശങ്ങളിൽ കൂടുതലായും നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന ഇടങ്ങളിലും വീടുകളിൽ അകത്തും പുറത്തും വെള്ളം കെട്ടിനിൽക്കുന്ന ഇടങ്ങൾ എന്നിവയാണ് ഉറവിടങ്ങളായി കാണുന്നത്.

കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങളും മാലിന്യസംസ്കരണവും ഉറപ്പാക്കിക്കൊണ്ട് എല്ലാ ആഴ്ചകളിലും വെള്ളി, ശനി, ഞായർ ദിവസങ്ങൾ തോറും ഡ്രൈ ഡേ ആചരിക്കണം. വെള്ളിയാഴ്ച സ്കൂളുകൾ, ശനിയാഴ്ച ഓഫീസുകൾ, ഞായറാഴ്ച വീടുകൾ എന്നിങ്ങനെയാണ് ഡ്രൈ ഡേ ആചരിക്കേണ്ടത്.

വീടും പരിസരങ്ങളും സ്ഥാപനങ്ങളും വൃത്തിയായി സൂക്ഷിക്കണം. വീടിന്റെ പുറത്തും അകത്തും ചെറുതും വലുതുമായ ഇടങ്ങളിൽ വെള്ളം കെട്ടി നിൽക്കാതെ നോക്കണം. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്, ചിരട്ട മുതലായവയിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളരാം. വീട്ടിനകത്തെ ചെടികൾ വയ്ക്കുന്ന ട്രേ കൊതുകിന്റെ ഉറവിടമായി കാണുന്നുണ്ട്. അതിനാൽ ചെടിച്ചട്ടികളുടെയും ഫ്രിഡ്ജിലേയും ട്രേയിലെ വെള്ളം ആഴ്ച തോറും മാറ്റണം. ആക്രിക്കട, ടയർകട എന്നിവ വെള്ളം വീഴാതെ സുരക്ഷിതമാക്കണം. ജലക്ഷാമമുള്ള സ്ഥലങ്ങളിൽ വെള്ളം ശേഖരിച്ച് വയ്ക്കുന്ന പാത്രങ്ങളും നിർമ്മാണ സ്ഥലത്തിലെ ടാങ്കുകളും കൊതുകിന്റെ പ്രജനന കേന്ദ്രമാകാതെ ശരിയായ രീതിയിൽ മൂടി വയ്ക്കേണ്ടത് അത്യാവശ്യമാണ്.

എലിപ്പനി പ്രതിരോധത്തിനായി മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്.

പനി ബാധിച്ചാൽ സ്വയം ചികിത്സ പാടില്ല. നീണ്ടുനിൽക്കുന്ന പനി, ശരീരവേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ളവർ നിർബന്ധമായും ഡോക്ടറുടെ ചികിത്സ തേടേണ്ടതും മലിനജലമോ മണ്ണുമായോ സമ്പർക്കമുണ്ടായിട്ടുണ്ടെങ്കിൽ അത്തരം സാഹചര്യങ്ങളും തൊഴിൽ പശ്ചാത്തലവും ഡോക്ടറോട് നിർബന്ധമായും തുറന്ന് പറയേണ്ടതാണ്.ശരിയായ രോഗനിർണ്ണയവും ചികിത്സയും വൈകുന്നത് എലിപ്പനി ഗുരുതരമാകുന്നതിനും മരണം സംഭവിക്കുന്നതിനും കാരണമാകുന്നു.

# രണ്ടാംകൃഷി 21,616ടൺ നെല്ല് സംഭരിച്ചു

**എടത്വ:** രണ്ടാംകൃഷി വിളവെടുപ്പിൽ ജില്ലയിൽനിന്ന് സിവിൽ സപ്ലൈസ് കോർപറേഷൻ 21,616 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 10.6 കോടി രൂപ വിതരണം ചെയ്തു.

9,000 ഹെക്ടർ പാടശേഖരത്തിൽ വിളവെടുപ്പു നടത്തിയ 6,132 ഹെക്ടറിൽനിന്നാണ് 21,616 മെട്രിക് ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപറേഷൻറെ അംഗീകൃത ഏജൻസികളായ മില്ലുടമകൾ സംഭരിച്ചത്. 2,868 ഹെക്ടറിലാണ് ഇനി രണ്ടാം കൃഷി വിളവെടുപ്പ് നടക്കാനുള്ളത്.

നെല്ല് സംഭരണ ഇനത്തിൽ ഇതിനോടകം 10.6 കോടി രൂപ വിതരണം ചെയ്തു. എസ്ബിഐ, കനറാ ബാങ്കുകൾ വഴിയാണ് തുക കർഷകർക്ക് വിതരണം ചെയ്തത്. 27.63 കോടി രൂപയുടെ പേ ഓർഡറും നൽകിയതായി പാഡി മാർക്കറ്റിംഗ് ഓഫീസർ പറഞ്ഞു. ജില്ലയിലെ പിആർഎസ് ലഭിച്ച 3,573 കർഷകരുടേതാണിത്. സമയബന്ധിതമായി ഈ തുകയും വിതരണം ചെയ്യും.



കഴിഞ്ഞ സീസണുകളിൽ എസ്ബിഐ, കനറാ, ഫെഡറൽ ബാങ്കുകൾ വഴി തുക വിതരണം ചെയ്തെങ്കിൽ രണ്ടാം കൃഷിയുടെ തുക വിതരണത്തിൽ ഇക്കുറി ഫെഡറൽ ബാങ്ക് ഒഴികെയുള്ള മറ്റ് രണ്ട് ബാങ്കുകൾവഴിയാണ് തുക വിതരണം ചെയ്ത ത്.

പേ ഓർഡർ നൽകിയതിനാൽ ഉടൻ തുക ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കർഷകർ. കഴിഞ്ഞ പുഞ്ച കൃഷിയിൽ സപ്ലൈകോ സംഭരിച്ച നെല്ലിൻറെ വില ലഭിക്കാൻ ആറു മാസം വരെ കർഷകർക്ക് കാത്തിരിക്കേണ്ടതായി വന്നു. ഇത് കർഷകരെ ഏറെ പ്രതിസന്ധിയിലാക്കിയിരുന്നു.

കൃഷിയിറക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും പലിശയ്ക്ക് പണമെടുത്ത് കടക്കെണിയിലായ കർഷകർക്ക് സമയബന്ധിതമായി പണം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതോടെ ജില്ലയിൽ കർഷക ആത്മഹത്യവരെ നടന്നു.

ഇത് ഏറെ വിവാദങ്ങൾക്ക് കാരണമായി. പുഞ്ചക്കൃഷിയുടെ തുക വിതരണം ചെയ്തതിലെ കാലതാമസം വച്ചു നോക്കുമ്പോൾ രണ്ടാം കൃഷിയുടെ സംഭരണവില അതിവേഗം ലഭിച്ചതിൽ ഏറെ സന്തുഷ്ടരാണ് കർഷകർ.

തുടരെത്തുടരെ ജലനിരപ്പ് ഉയരുന്നതും കിഴക്കൻ വെള്ളത്തിൻറെ വരവും നിമിത്തം അടുത്ത പുഞ്ചക്കൃഷിയിറക്ക് വൈകുന്നതിലെ ആശങ്ക നിലനിൽക്കെ കൃഷിയിറക്കിയാൽ എന്താകുമെന്ന മനോവിഷമത്തിലാണ് ജില്ലയിലെ നെൽകർഷകർ.

# സിന്തറ്റിക് ലഹരിക്കെതിരെ നടപടി ശക്തമാക്കണം

## ജില്ലാ വികസന സമിതി യോഗം ചേർന്നു

**കൊച്ചി:** വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ നടപടി ശക്തമാക്കണമെന്ന് ജില്ലാ വികസന സമിതി യോഗം. ജില്ലയിൽ മയക്കുമരുന്ന് ഉൾപ്പെടെ ലഹരി ഉപയോഗവും വിൽപ്പനയും തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് നഗര മേഖലയിൽ സിന്തറ്റിക് ലഹരി ഉപയോഗം വർധിക്കുന്നതായും യോഗം വിലയിരുത്തി.

ലഹരിക്കെതിരെയുള്ള നടപടി ശക്തമാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിക്കണമെന്ന് യോഗത്തിൽ ഹൈബി ഈഡൻ എം.പി നിർദേശിച്ചു. എയ്ഡഡ്, മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എം.പി ഫണ്ട് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾ ഒഴിവാക്കണം. പ്രളയവുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ വൈകുന്ന സാഹചര്യം പരിഹരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്കൂൾ പി.ടി.എയുടെ നേതൃത്വത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു. എം.എൽ.എയുടെ ചോദ്യത്തിന് മറുപടിയായി ജില്ലയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ച നടപടികൾ യോഗത്തിൽ വിശദീകരിച്ചു. 162 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ നേരിട്ടെത്തി പരിശോധന നടത്തി. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ, സംവാദ സദസുകൾ, ചുമർചിത്ര രചന മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരോധിത വസ്തുക്കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് അഞ്ചു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

പി ആൻഡ് ടി കോളനി നിവാസികളെ മുണ്ടംവേലി ലൈഫ് ഫ്ലാറ്റിലേക്ക് മാറ്റി താമസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതിവിവരങ്ങളുടെ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കണമെന്ന് എം.എൽ.എ നിർദേശിച്ചു. കലൂർ മോഡൽ ടെക്നിക്കൽ സ്കൂൾ വളപ്പിൽ അപകടകരമായി സ്ഥിതി ചെയ്യുന്ന ടെക്സ്റ്റ് ബുക്ക് ഡിപ്പോ പൊളിച്ചു നീക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും എം.എൽ.എ പറഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് ഉമ തോമസ് എം.എൽ.എ യോഗത്തിൽ പറഞ്ഞു. പരമാവധി കുട്ടികളിലേക്ക് ലഹരിക്കെതിരെയുള്ള സന്ദേശം എത്തിക്കണം. ആലുവയിൽ നിന്ന് തമ്മനം വഴി വൈക്കത്തേക്ക് നടത്തി വന്നിരുന്ന കെ.എസ്.ആർ.ടി.സി സർവീസ് പുനസ്ഥാപിക്കണം. ബ്രഹ്മപുരം തീപിടുത്തവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളുടെ റിപ്പോർട്ട് സമർപ്പിക്കണം. റോഡുകളിൽ മാലിന്യം കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകരുത്. കൃത്യമായി മാലിന്യ ശേഖരണം നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തണം.വെണ്ണല ജംഗ്ഷൻ വികസന പദ്ധതി കൊച്ചി മെട്രോയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തന്നെ പൂർത്തീകരിക്കാൻ നടപടി വേണം. മെട്രോയുടെ നടപ്പാതകളിൽ തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ നീക്കം ചെയ്യുന്നത് വേഗത്തിലാക്കണം. റോഡുകളിൽ കുഴികൾ രൂപപ്പെട്ടാൽ അവ ശാശ്വതമായി അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എം.എൽ.എ പറഞ്ഞു.

കീരമ്പാറ, കവളങ്ങാട് പഞ്ചായത്തുകളിൽ രൂക്ഷമാകുന്ന കാട്ടാന ശല്യം നേരിടാൻ ഫലപ്രദമായ നടപടികൾ വേഗത്തിലാക്കണമെന്ന് ആന്റണി ജോൺ എം.എൽ.എ പറഞ്ഞു. ഇലക് ട്രിക് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. അവധി ദിവസങ്ങളിൽ ഒറ്റപ്പെട്ട ഇടങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി സർവീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടാകരുത്. ആലുവ മൂന്നാർ റോഡിന്റെ വശങ്ങളിൽ നിന്ന് മുറിച്ചുമാറ്റിയ മരങ്ങളുടെ അവശിഷ്ടങ്ങൾ എത്രയും വേഗം നീക്കം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

## നിർമൽ ജ്യോതി സ്പെഷൽ സ്കൂൾ രജത ജൂബിലി ആഘോഷിച്ചു

**സുൽത്താൻ ബത്തേരി:** മുനിസിപ്പൽ പരിധിയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കൈത്താങ്ങായി പ്രവർത്തിക്കുന്ന നിർമൽ ജ്യോതി സ്പെഷൽ സ്കൂൾ രജത ജൂബിലി ആഘോഷിച്ചു. ബത്തേരി രൂപതാധ്യക്ഷൻ ഡോ.ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്തു.

മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം അധ്യക്ഷത വഹിച്ചു. ജൂബിലി സ്മരണിക മുനിസിപ്പൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടോം ജോസ് പ്രകാശനം ചെയ്തു. പൂർവാധ്യാപകരെ അദ്ദേഹം ആദരിച്ചു. 25 വർഷം സേവനം പൂർത്തിയാക്കിയ അധ്യാപകരെ അസംപ്ഷൻ ഫൊറോനാ വികാരി റവ. ഡോ.ജോസഫ് പരുവുമ്മേൽ ആദരിച്ചു. സ്പെഷൽ ഒളിന്പിക്സ് വേൾഡ് ഗെയിം വിന്നർ ജിജോ ജോർജിന് വാർഡ് കൗൺസിലർ കെ.എസ്. പ്രമോദ് മെമൻറോ നൽകി. എഇഒ ജോളിയാമ്മ മാത്യു, പിടിഎ പ്രസിഡൻറ് വി.ഡി. സാലി, ആശ്വാസ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.യു. ഷിബു എന്നിവർ പ്രസംഗിച്ചു. സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ മേബിൾ അഗസ്റ്റിൻ നന്ദി പറഞ്ഞു.

## വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്ത മേഖലകളായി പ്രഖ്യാപിക്കുന്നു



**കൽപ്പറ്റ:** മാലിന്യമുക്ത നവകേരളം കാന്പയിനിൻറെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങൾ ഡിസംബറിൽ മാലിന്യമുക്ത മേഖലകളായി പ്രഖ്യാപിക്കും. മാലിന്യമുക്ത നവകേരളം കാന്പയിനിൻറെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായാണ് വിനോദസഞ്ചാര കേന്ദ്രങ്ങളെ സീറോ വേസ്റ്റ് സോണുകളായി മാറ്റുന്നത്.

പൂർണമായും മാലിന്യമുക്തമാക്കാനുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക വൈകാതെ തയാറാക്കും. സീറോ വേസ്റ്റ് സോൺ പ്രഖ്യാപനത്തിന് മുന്നോടിയായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിർമാർജനം പൂർത്തിയാക്കും.

തുടർപ്രവർത്തനങ്ങളും പരിപാലനവും ഉറപ്പുവരുത്തും. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, തദ്ദേശഭരണ വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നത്.

ശുചിത്വമിഷനും നവകേരളം മിഷനുമാണ് ഏകോപന ചുമതല. വിനോദസഞ്ചാര കേന്ദ്രങ്ങൾ മോടികൂട്ടി സഞ്ചാരികളെ ആകർഷിക്കുന്നതിനു പ്രവർത്തനം വിവിധ ഇടങ്ങളിൽ പുരോഗമിക്കുകയാണ്.

## കരിമീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

**കൊച്ചി:** ഉയർന്ന ഗുണ്ണിലവാരമുള്ള കരിമീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അത്താണി, എറണാകുളം. ഫോൺ 04842474267.

## സൗജന്യ ഉദ്യം രജിസ്ട്രേഷൻ ഡ്രൈവ്

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പ്, കൊച്ചി മുനിസിപ്പൽ കോർപറേഷൻ എന്നിവയുടെ ആഭുമുഖ്യത്തിൽ കൊച്ചി മുനിസിപ്പൽ കോർപറേഷൻ പരിധിയിലുള്ള സംരംഭകർക്കായി (ഉൽപന്ന നിർമ്മാണം/സേവനം/കച്ചവടം) സൗജന്യ ഉദ്യം രജിസ്ട്രേഷൻ ഡ്രൈവ് നവംബർ 27, 28, 29 തീയതികളിൽ കൊച്ചി മുനിസിപ്പൽ കോർപറേഷ9 ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് വേണ്ടിയുള്ള ഹെൽപ് ഡസ്കിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ഫോൺ 7907397034, 9074526232.

## പ്രൊജക്റ്റ് ട്രെയിനി നിയമനം

**കൊച്ചി:** ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഇ ഹെൽത്ത് കേരള പ്രോജക്റ്റിൽ ട്രെയിനി സ്റ്റാഫ് താത്കാലിക തസ്തികയിൽ നിയമനം നടത്തുന്നു. മൂന്നുവർഷ ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് ഡിപ്ലോമ, ഹാർഡ്‌വെയർ ആന്റ് നെറ്റ് വർക്കിങ്ങിൽ ഒരു വർഷത്തെ പ്രവർത്തിപരിചയം, ആശുപത്രി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ആന്റ് ഇമ്പ്ലിമെന്റഷനിൽ പ്രവർത്തി പരിചയം തുടങ്ങിയ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മാസം പതിനായിരം രൂപ വേതനം ലഭിക്കും.

താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ ഒന്ന് രാവിലെ 11ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. രാവിലെ പത്തിന് ഹാജരാക്കണം. 11.30ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വെരിഫിക്കേഷനിൽ നിശ്ചിത യോഗ്യത കണക്കാക്കുന്നവരെ മാത്രമായിരിക്കും അഭിമുഖത്തിൽ പങ്കെടുക്കാൻ അനുവദിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9495981772 (ജില്ലാ പ്രൊജക്റ്റ് എഞ്ചിനീയർ )



## അമല മെഡിക്കൽ കോളജിൽ അണുബാധനിയന്ത്രണ വാരാചരണത്തിനു സമാപനം

**തൃശൂർ:** അമല മെഡിക്കൽ കോളജിൽ നടത്തിയ അണുബാധ നിയന്ത്രണ വാരാചരണ സമാപന സമ്മേളനം കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നമ്മൽ ഉദ്ഘാടനം ചെയ്തു.

സിഎംസി വെല്ലൂരിലെ ഡോ.ലാലു ജോസഫ്, കാലിക്കട്ട് കെഎംസിടി മെഡിക്കൽ കോളജിലെ ഡോ.ഷീല മാത്യു എന്നിവർ സെമിനാർ സെഷനിൽ മുഖ്യാവതാരകരായിരുന്നു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, ഫാ. ഡെൽജോ പുത്തൂർ, ഡോ. ബെറ്റ്സി തോമസ്, ഡോ.രാജേഷ് ആൻറോ, ഡോ.റീന ജോൺ, ഡോ. എ.കെ.ആദർശ്, ഡോ. തബിത, സിസ്റ്റർ ലിഖിത, ഡോ.രാജി രഘു നാഥ്, സിസ്റ്റർ മിനി, ഡോ.ഡിനു എം. ജോയ് എന്നിവർ പ്രസംഗിച്ചു.

മനോജ് പഴുവിൽ സംവിധാനം നിർവഹിച്ച 'ലേഡി വിത്ത് എ ലാംപ്' എന്ന നാടകത്തിൽ ഡോ രൂപേഷ് ജോർജ്, ഡോ ഉണ്ണികൃഷ്ണൻ, ഫാ. ജൂലിയസ് അറക്കൽ, ഡോക്ടർമാർ, നേഴ്സ്, ജീവനക്കാർ, വിദ്യാർഥികൾ എന്നിവരടങ്ങിയ നാൽപതോളം പേർ പങ്കെടുത്തു.

## മെട്രോ കളർഫെസ്റ്റ് നടത്തി

**ഗുരുവായൂർ:** മെട്രോലിക്സ് ക്ലബിൻറെ ആഭിമുഖ്യത്തിൽ പതിനഞ്ചാമത് അഖില കേരള ചിത്രരചന മത്സരം നടത്തി. എൽഎഫ് കോളജിൽ ടെമ്പിൾ സിഐ സി. പ്രേമാനന്ദകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ക്ലബ് പ്രസിഡൻറ് പി. മുരളീധരൻ അധ്യക്ഷത വഹിച്ചു. നടൻ ശിവജി ഗുരുവായൂർ, എൽഎഫ് കോളജ് പ്രിൻസിപ്പൽ ഡോ.സി. ജീസ്മ തെരസ് എന്നിവർ മുഖ്യാതിഥികളായി. ജയ്സൺ ഗുരുവായൂർ, ചീഫ് കോഡിനേറ്റർ ബാബു വർഗീസ്, സെക്രട്ടറി ഗിരീഷ് ഗീവർ,വൈസ് പ്രസിഡൻറ് ഷൈജു,ചാർലി മാളിയമ്മാവ്,വി.കെ. അനിൽകുമാർ ഷാജി താനപറമ്പിൽ, ടി.ഡി. വാസുദേവൻ എന്നിവർ പ്രസംഗിച്ചു. 3500 പ്രതിഭകൾ ചിത്രരചനയിൽ പങ്കെടുത്തു.

# പൈനാപ്പിൾ കൃഷിചെയ്യാൻ മറ്റൊരു കാരണം കൂടി, ഇലയ്ക്കും കിട്ടും മോശമല്ലാത്ത വില

ഹരിതം

പച്ചപ്പുല്ലിനും, തീറ്റപ്പുല്ലിനും ക്ഷാമം. ആശ്രയമായിരുന്ന കൈതപ്പോളയാകട്ടെ മറുനാട്ടിൽ പ്രിയമേറിയതോടെ ഇവിടെ കിട്ടാനുമില്ല. പ്രതിസന്ധിയിലൂടെയാണ് ക്ഷീരകർഷകർ കടന്നുപോകുന്നത്.

ഒപ്പം പാൽ ഉത്പാദനം കുറയുമെന്ന ആശങ്കയും. പാടശേഖരങ്ങളിൽ കൃഷി ആരംഭിച്ചതോടെയാണ് പച്ചപ്പുല്ലിന്റെ ലഭ്യത ഇല്ലാതായയത്. പശു, പോത്ത്, ആട്, എരുമ തുടങ്ങിയവ വളർത്തുന്ന ചെറുകിട കർഷകരാണ് കൂടുതൽ ദുരിതം അനുഭവിക്കുന്നത്. പച്ചപ്പുല്ലിന്റെ ലഭ്യത കുറയുമ്പോൾ കച്ചിയാണ് കന്നുകാലികൾക്ക് കൊടുക്കുന്നത്. തമിഴ്നാട്ടിൽ നിന്നാണ് കച്ചി ഇറക്കുമതി ചെയ്യുന്നത്. നാട്ടിലെ കച്ചി പൊടിഞ്ഞുപോകുന്ന തരത്തിലായതിനാൽ വരവ് കച്ചിയാണ് ആശ്രയമെന്ന് കർഷകർ പറയുന്നു. മുൻകാലങ്ങളിൽ വേനൽക്കാലത്ത് മാത്രം നൽകിയിരുന്ന കൈതപ്പോള (പൈനാപ്പിൾ ഇല) ഇപ്പോൾ എല്ലാ സീസണിലും നൽകേണ്ട സ്ഥിതിയാണ്. ഇവ അരിഞ്ഞാണ് കന്നുകാലികൾക്ക് നൽകുന്നത്. കൈത കൃഷിയിടങ്ങളിൽ വാഹനങ്ങളിലും മറ്റും പോയാണ് കർഷകൻ ഇവ ശേഖരിച്ചിരുന്നത്.ഡിമാൻഡേറാൻ കാരണംപെട്ടെന്ന് ഉണങ്ങിനശിക്കില്ലചെലവ് കുറവ്മികച്ച പാലുത്പാദനംഎസ്റ്റേറ്റുകളിൽ ഏജന്റുമാരും

കൈതപ്പോളയുടെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ തമിഴ്നാട് ലോബി കമ്പം, തേനി മേഖലകളിലെ വലിയ ഫാമുകളിലേക്കാണ് കൊണ്ടുപോകുന്നത്.എസ്റ്റേറ്റുകളിൽ നിന്ന് കൈതപ്പോള സംഭരിച്ച് നൽകുന്ന ഏജന്റുമാരും സജീവമാണ്. വിലയും കുറവാണ്. ഓരോ സീസണും അവസാനിക്കുമ്പോൾ തോട്ടങ്ങളിൽ മിച്ചമാകുന്ന കൈതപ്പോളയാണ് കൊണ്ടുപോകുന്നത്. മദ്ധ്യ കേരളത്തിൽ ഏറ്റവും കൂടുതൽ പൈനാപ്പിൾ കൃഷിയുള്ള ജില്ലകളിലൊന്നാണ് കോട്ടയം.ഒരു കിലോ ഇലയ്ക്ക് രണ്ടുരൂപയാണ് വില.






# ലാഭം കൊയ്യാൻ സലാഡ് വെള്ളരി

രാസവളങ്ങളൊന്നും ഉപയോഗിക്കാതെ കൃഷി ചെയ്തെടുക്കുന്ന പച്ചക്കറികൾക്ക് ആവശ്യക്കാർ ഏറെയാണ് എന്നുള്ളതിൽ ഒരു സംശയവുമില്ല. എന്നാൽ എല്ലാവർക്കും അങ്ങനെയുള്ള പച്ചക്കറികൾ മാർക്കറ്റുകളിൽ നിന്നും എപ്പോഴും ലഭ്യമാകുമെന്നതിൽ ഉറപ്പ് പറയാൻ പറ്റില്ല. മാർക്കറ്റുകളിൽ നിന്നും വാങ്ങുന്ന പച്ചക്കറികളിലെ വിഷാംശം നീക്കം ചെയ്യുന്നതിന് നമ്മൾ പലവിധത്തിലുള്ള മാർഗങ്ങളും പരീക്ഷിക്കാറുണ്ട്.ആരോഗ്യസംരക്ഷകരും പ്രമേഹമുള്ളവരും ഏറ്റവും കൂടുതൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്ന ഒരിനമാണ് സലാഡ് വെള്ളരി.

അതുകൊണ്ട് വിഷരഹിതമായി കൃഷി ചെയ്യുന്ന സലാഡ് വെള്ളരിക്ക് മാർക്കറ്റുകളിലും മറ്റ് കടകളിലും ആവശ്യക്കാർ ഏറെയാണ്.സലാഡ് വെള്ളരി കൃഷി ചെയ്ത് ലാഭം കൊയ്യാൻ ഒരു ഉഗ്രൻ മാർഗം പരിചയപ്പെട്ടാലോഗുണമേൻമയുള്ള വിത്തുകൾ തിരഞ്ഞെടുക്കുക എന്നതാണ് പ്രധാനമായി ചെയ്യേണ്ട കാര്യം. ശീതൾ, സ്വർണ, പൂർണ തുടങ്ങിയ ഇനത്തിൽപ്പെട്ട സലാഡ് വെള്ളരിയുടെ വിത്തുകൾ ഗുണമേൻമയുള്ളതാണ്. നല്ല രീതിയിൽ സൂര്യപ്രകാശം ലഭ്യമാകുന്ന സ്ഥലമായിരിക്കണം കൃഷിക്കായി തിരഞ്ഞെടുക്കേണ്ടത്.

മത്സ്യത്തിന്റെ അവശിഷ്ടങ്ങളാണ് കൃഷിക്ക് അനുയോജ്യം. കാരണം കടൽ മത്സ്യങ്ങളിലും കായൽ മത്സ്യങ്ങളിലും അനേകം പോഷകഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന അവശിഷ്ടങ്ങളും ചാണകപൊടിയും മണ്ണും കുറഞ്ഞത് പത്ത് ദിവസമെങ്കിലും യോജിപ്പിച്ച് വയ്ക്കുക. വിത്തുകൾ നടുന്നതിന് എടുത്തിരിക്കുന്ന കുഴികളിൽ തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം ഇട്ടുകൊടുക്കുക.

ശേഷം വിത്തുകൾ നടുക. ആവശ്യത്തിന് വെള്ളമൊഴിച്ച് കൊടുക്കാൻ മറക്കരുത്. രണ്ടാഴ്ചയ്ക്ക് ശേഷമേ തൈകളിൽ വളപ്രയോഗം നടത്താവൂ.ആദ്യ വളപ്രയോഗംകുമ്മായം, എല്ലുപൊടി, ചകിരിച്ചോറ്, തുടങ്ങിയവ തുല്യ അളവിൽ ചേർത്ത് മിശ്രിതം തയ്യാറാക്കുക. ശേഷം തൈകളുടെ ചുവട്ടിലായി മിശ്രിതം ഇടുക. അവശ്യത്തിന് വെള്ളമൊഴിക്കാനും മറക്കരുത്. ഈ പ്രയോഗം ഇടയ്ക്കിടയ്ക്ക് ചെയ്ത് കൊടുക്കുകയാണെങ്കിൽ ഉത്തമം. മൂന്ന് മുതൽ നാല് മാസത്തിനുള്ളിൽ സലാഡ് വെള്ളരിക്ക വിളവെടുക്കാവുന്നതാണ്.



# നട്ടോളൂ, സെഞ്ച്വറി അടിച്ച് ചേനയും ചേമ്പും

നല്ല നാടൻ ചേമ്പും ചേനയും. ഒരു മുളകും പൊട്ടിച്ച് ചൂടോടെ ഒരു പിടിപിടിച്ചാൽ എന്താ രസം.. പറയാൻ എളുപ്പമാണ്. ചേമ്പും ചേനയും കാച്ചിലുമൊക്കെ തീൻമേശയിൽ എത്തണമെങ്കിൽ പൊളുന്ന വില നൽകണം. തൊടികളിൽ സർവസാധാരണമായിരുന്ന നാടൻ കിഴങ്ങ് വർഗങ്ങൾക്ക് അത്രയേറെ വില ഉയർന്നുകഴിഞ്ഞു. മുൻപ് 35 മുതൽ 40 രൂപ വരെയായിരുന്നു കാച്ചിലിന്റെ വില. അത് ഇപ്പോൾ സെഞ്ച്വറിയിലെത്തി. ഓണത്തിന് 100 രൂപയിലെത്തിയ കാച്ചിലിന്റെ വില താഴാതെ തുടരുകയാണ്. ചേനയും ചേമ്പും കാച്ചിലിനൊപ്പം വിലയുടെ കാര്യത്തിൽ ഉയരത്തിൽ തന്നെയാണ്. ഉത്പാദനം കുറഞ്ഞതും കിഴങ്ങുവർഗ്ഗങ്ങളുടെ വില കുതിച്ചുയരാൻ കാരമായി.അന്യസംസ്ഥാനത്തു നിന്നും എത്തിക്കുന്ന കാച്ചിലും, ചേമ്പും, ചേനയുമാണ് വിപണിയിൽ ലഭിക്കുന്നത്.
വില ഇങ്ങനെ (ഒരു കിലോ)കാച്ചിൽ: 100 രൂപചേമ്പ്: 80 രൂപ ചേന: 60 രൂപവില്ലനായി കാലാവസ്ഥ വ്യതിയാനംകാലാവസ്ഥാ വ്യതിയാനമാണ് കിഴങ്ങുവിളകളുടെ ഉത്പാദനം കുറയാൻ കാരണം. മലയാള മാസം കുംഭത്തിലാണ് കിഴങ്ങുവിളകളുടെ നടീൽ കാലം. മിഥുനം, കർക്കടകം മാസത്തിൽ നല്ല മഴ ലഭിക്കുന്നതിനാൽ മികച്ച വിളവാണ് കർഷകർക്ക് ലഭിക്കുക. എന്നാൽ കർക്കടകത്തിൽ പ്രതീക്ഷിച്ച മഴ ലഭിക്കാതെ പോയത് വിളവിനെ ബാധിച്ചു. കടുത്ത ചൂടിനെ തുടർന്ന് വിളകൾ നീറിപ്പോകുന്ന അവസ്ഥയുണ്ടായി. ശരാശരി ആറുകിലോ വരെ തൂക്കം വയ്ക്കുന്ന കാച്ചിലിന് ഇപ്പോൾ രണ്ടു കിലോവരെ മാത്രമാണ് തൂക്കം.





ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ വിവിധ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് തനിമ 2023ന്റെ ഉദ്ഘാടനം മുൻ പ്രസിഡന്റ്മാരായ ഡോ.എം.ഐ.ജുനൈദ് റഹ്മാൻ, ഡോ.എം നാരായണൻ,ഡോ. വി.ഡി.പ്രദീപ് കുമാർ, ഡോ.ജോയി ജോസഫ്, ഡോ. ടി.വി.രവി, ഡോ. എം. വേണുഗോപാൽ, ഡോ സച്ചിദാനന്ദ കമ്മത്ത്, (ഡോ.ജേക്കബ് അബ്രാഹം പ്രസിഡന്റ് ഇലക്ട്) ഡോ. അബ്രാഹം കെ.പോൾ, ഡോ. സണ്ണി പി.ഓരത്തേൽ, ഡോ.സുജിത് വാസുദേവൻ, ഡോ.മരിയ വർഗീസ്,(ഡോ.എം.എം.ഹനീഷ് പ്രസിഡന്റ്,ഡോ. ജോർജ് തുകലൻ സെക്രട്ടറി,) ഡോ.ശ്രീനിവാസ കമ്മത്ത്, (ഡോ.സച്ചിൻ സുരേഷ് ട്രഷറർ) എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.

# ഐ.എം.എ കൊച്ചി തനിമ 2023 : മെഡിക്കൽ ട്രസ്റ്റ് ജേതാക്കൾ

**കൊച്ചി :** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച തനിമ 2023 ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ജേതാക്കളായി.ആലുവ രാജഗിരി ഹോസ്പിറ്റലിനാണ് രണ്ടാം സ്ഥാനം.മികച്ച നൃത്തത്തിനുള്ള പുരസ്കരാം എറണാകുളം ലിസി ഹോസ്പിറ്റൽ നേടി. പുരുഷ വിഭാഗം മികച്ച പ്രകടനത്തിനുള്ള പുരസ്കരാം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോ.ജിനോ ജോയി വനിതാ വിഭാഗം മികച്ച പ്രകടനത്തിനുള്ള പുരസ്കാരം ലിസി ആശുപത്രിയിലെ ഡോ.റിമി രമാകാന്ത എന്നിവരും കരസ്ഥമാക്കി.

രാവിലെ 10 ന് ആരംഭിച്ച മൽസരം ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം.ഹനീഷ്, സെക്രട്ടറി ജോർജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ്, പ്രസിഡന്റ് ഇലക്ട് ഡോ.ജേക്കബ് അബ്രാഹം എന്നിവരുടെ സാന്നിധ്യത്തിൽ മുൻ പ്രസിഡന്റുമാരായ ഡോ.എം.ഐ.ജുനൈദ് റഹ്മാൻ, ഡോ.എം നാരായണൻ, ഡോ സച്ചിദാനന്ദ കമ്മത്ത്,ഡോ. ജോയി ജോസഫ്, ഡോ.സുജിത് വാസുദേവൻ, ഡോ.വി.ഡി.പ്രദീപ് കുമാർ, ഡോ. അബ്രാഹം കെ.പോൾ, ഡോ. എം. വേണുഗോപാൽ, ഡോ. സണ്ണി പി.ഓരത്തേൽ, ഡോ. ടി.വി.രവി, ഡോ.മരിയ വർഗീസ്, ഡോ.ശ്രീനിവാസ കമ്മത്ത്, എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

ഡോക്ടർമാരുടെ വിവിധ സംഘടനകൾ, വനിതാ ഡോക്ടർമാരുടെ സംഘടന, എറണാകുളം ജനറൽ ആശുപത്രി, എറണാകുളം മെഡിക്കൽ സെന്റർ, എറണാകുളം ലിസി ഹോസ്പിറ്റൽ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, രാജഗിരി ഹോസ്പിറ്റൽ, റിനൈ മെഡിസിറ്റി, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി എന്നിവടങ്ങൽ നിന്നുള്ള 500ൽ പരം ആരോഗ്യ പ്രവർത്തകർ മൽസരത്തിൽ പങ്കെടുത്തു. കൊച്ചി ഐ.എം.എയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഡോക്ടർമാരുടെ റോക്ക് ബാൻഡ് ആന്റി ഡോട്ട് ന്റെ അരങ്ങേറ്റവും കൾച്ചറൽ ഫെസ്റ്റിനോടനുബന്ധിച്ച് നടന്നു.



ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ വിവിധ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് തനിമ 2023ന്റെ വിജയികളായ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ടീം.



# സെൽവിന്റെ വൃക്കയും പാൻക്രിയാസും തിരുവനന്തപുരം സ്വദേശിക്ക്; ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായി

**കൊച്ചി:** പക്ഷാഘാതത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച തമിഴ്നാട് സ്വദേശി സെൽവിൻ ശേഖറിന്റെ (36) പാൻക്രിയാസും വൃക്കയും മാറ്റിവെക്കുന്ന ശസ്ത്രക്രിയ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ വിജയകരമായി പൂർത്തിയാക്കി. തിരുവനന്തപുരം സ്വദേശിയായ 37കാരനിലാണ് സെൽവിന്റെ അവയവങ്ങൾ മാറ്റിവെച്ചത്. പ്രമേഹവും ഗുരുതരമായ വൃക്ക രോഗവും മൂർച്ഛിച്ചതിന്റെ തുടർന്ന് ചികിത്സയിലായിരുന്ന യുവാവിനാണ് സെൽവിന്റെ അവയങ്ങൾ വെച്ചു പിടിപ്പിച്ചത്.

ആരോഗ്യ മേഖലയും വിവിധ സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും ഒരുമിച്ചതോടെയാണ് മറ്റൊരു മഹനീയ മാതൃകക്ക് വഴിയൊരുങ്ങിയത്. തിരുവനന്തപുരം കിംസ് ആശുപത്രിയിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ ഹെലികോപ്റ്ററിൽ കൊച്ചിയിലെത്തിച്ച അവയവങ്ങൾ ഒരു നിമിഷം പോലും വൈകിക്കാതെയായിരുന്നു പ്രത്യേകം തയ്യാറാക്കിയ ആംബുലൻസിൽ ആസ്റ്റർ മെഡ്സിറ്റിയിൽ എത്തിച്ചത്. മെഡ്സിറ്റിയിലെ ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബ്, കൺസൾട്ടന്റുമാരായ ഡോക്ടർ എം. സുധീർ മുഹമ്മദ്, ഡോ. വിവേക് രാജേന്ദ്രൻ, യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. എം.കെ രാമപ്രസാദ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ശസ്ത്രക്രിയ നടത്തിയത്.

സംസ്ഥാനം മുഴുവൻ പ്രതീക്ഷയോടെ കാത്തിരുന്ന ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ഡോക്ടർമാർ വ്യക്തമാക്കി. വൃക്കയും പാൻക്രിയാസും കൃത്യസമയത്ത് തന്നെ ലഭിച്ചതാണ് നേട്ടമായത്. യുവാവിന്റെ ആരോഗ്യനില തൃപ്തികരമാണെന്നും ഇതിന് വേണ്ടി പ്രവർത്തിച്ച എല്ലാവരോടും നന്ദി അറിയിക്കുകയാണെന്നും ഡോക്ടർമാർ കൂട്ടിച്ചേർത്തു.

ആസ്റ്റർ മെഡ്സിറ്റിയിലെ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ. ബിജു ചന്ദ്രൻ, ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ. ഡാനി ജോയ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സെൽവിന്റെ ശരീരത്തിൽ നിന്ന് അവയവങ്ങൾ എടുത്തത്.

പക്ഷാഘാതത്തെ തുടർന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ വെള്ളിയാഴ്ച രാവിലെയായിരുന്നു കന്യാകുമാരി വിളവിൻകോട് സ്വദേശിയും നേഴ്സുമായ സെൽവിൻ ശേഖറിന് (36) മസ്തിഷ്ക മരണം സംഭവിച്ചത്. ഭർത്താവിന്റെ മരണത്തിൽ പൊള്ളുന്ന വേദനക്കിടയിലും നേഴ്സ് കൂടിയായ ഭാര്യ ഗീതയും മറ്റു കുടുംബാംഗങ്ങളും അവയവദാനത്തിന് സന്നദ്ധത അറിയിക്കുകയായിരുന്നു. മരണാനന്തര അവയവദാനം ഏകോപിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ കെ സോട്ടോ (മൃതസഞ്ജീവനി) സംവിധാനത്തിലൂടെയാണ് സെൽവിന്റെ വൃക്കയും പാൻക്രിയാസും തിരുവനന്തപുരം സ്വദേശിക്ക് ലഭിച്ചത്. ഇത് സംബന്ധിച്ച് വിവരം ലഭിച്ചപ്പോൾ തന്നെ ശസ്ത്രക്രിയയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ആസ്റ്റർ മെഡ്സിറ്റി ഒരുക്കിയിരുന്നു.

# ചൈതന്യ കാർഷികമേളയ്ക്ക് ജനകീയ പരിസമാപ്തി

**കോട്ടയം:** മധ്യകേരളത്തിൻറെ കാർഷിക ഉത്സവമായി കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന കൃഷി വകുപ്പിൻറെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ച 24ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയസംഘ മഹോത്സവത്തിനും ജനകീയ പരിസമാപ്തി. എട്ട് ദിനങ്ങളിലായി നടത്തപ്പെട്ട മേളയിൽ പതിനായിരക്കണക്കിന് ആളുകളാണ് സന്ദർശകരായി എത്തിയത്.

മേളയുടെ സമാപന പൊതുസമ്മേളനത്തിൻറെ ഉദ്ഘാടനം ചീഫ്വിപ്പ് ഡോ. എൻ. ജയരാജ് നിർവഹിച്ചു. കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. എംഎൽഎമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, ജോബ് മൈക്കിൾ, ചാണ്ടി ഉമ്മൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

കെഎസ്എസ്എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ ചെയർമാൻ സ്റ്റീഫൻ ജോർജ്, അതിരമ്പുഴ പഞ്ചായത്ത് പ്രസിഡൻറ് സജി തടത്തിൽ, കെഎസ്എസ്എസ് പുരുഷ സ്വാശ്രയസംഘം കേന്ദ്രതല ഭാരവാഹി ബാബു സ്റ്റീഫൻ പുറമഠത്തിൽ, ചൈതന്യ പ്രോഗ്രാം കോർഡിനേറ്റർ സിസ്റ്റർ ഷീബ എസ്വിഎം എന്നിവർ പ്രസംഗിച്ചു.

വിനോദവും വിജ്ഞാനവും കൗതുകവും നിറച്ചു സംഘടിപ്പിച്ച മേളയിൽ കെഎസ്എസ്എസ് സ്വാശ്രയസംഘാംഗങ്ങളും പൊതുസമൂഹവും സ്കൂൾ കോളജ് വിദ്യാർഥികളും മത, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കാളികളായി. മേളയുടെ സമാപന ദിനത്തിൽ കൈപ്പുഴ മേഖലാ കലാപരിപാടികളും കാർഷിക സെമിനാറും വനിതകൾക്കും പുരുഷന്മാർക്കുമായുള്ള കോക്കനട്ട് ഒളിമ്പിക്സ് മത്സരവും നടത്തപ്പെട്ടു.

# കൂൺകൃഷി സംരംഭകത്വ ക്ലാസ് നടത്തി

**നെടുങ്കണ്ടം:** ചെമ്മണ്ണാർ സെൻറ് സേവ്യേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഇഡി ക്ലബ്ബിൻറെ നേതൃത്വത്തിൽ കൂൺകൃഷിയും വിപണന സാധ്യതകളും എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ സംരംഭകത്വ ക്ലാസ് നടത്തി. കുൺകൃഷി പരിശീലക സോളി ബിജു നേതൃത്വം നൽകി.

പ്രിൻസിപ്പൽ ഡോ. ലാലു തോമസ് ഉദ്ഘാടനം ചെയ്തു. ക്ലബ് കോഓർഡിനേറ്റർ സ്മിത തോമസ്, ക്ലബ് ലീഡർ അമൃത സന്തോഷ് എന്നിവർ പ്രസംഗിച്ചു. ക്ലബ്ബിൻറെ കൂൺ വിഭാഗം പ്രവർത്തനങ്ങൾക്കായി ടോണി പ്രിൻസ്, ജോയൽ ഷൈൻ, അലീന ബിജു, മഞ്ജുഷ, ആൽബിൻ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ചു.

# ഒഡീസി ഓഫ് കളേഴ്സിന് ദർബാർ ഹാളിൽ തുടക്കം

**കൊച്ചി:** അവരോടൊപ്പം നിറങ്ങളും യാത്ര ചെയ്തെത്തിയപ്പോൾ എറണാകുളം ദർബാർ ഹാളിൽ ചിത്രങ്ങളുടെ ചെമ്പകം വിരിഞ്ഞു; സിംഗപ്പൂരിന് സങ്കീർത്തനം പാടി.

സിംഗപ്പൂർ പ്രവാസികളായ മൂന്ന് മലയാളി ആർട്ടിസ്റ്റുകളുടെ ചിത്രപ്രദർശനത്തിന് ദർബാർ ഹാളിൽ തുടക്കമായി. ഒഡീസി ഓഫ് കളേഴ്സ് എന്നു പേരിട്ട ചിത്രപ്രദർശനം നവംബർ 30 വരെ തുടരും.

ജീവിതം കരുപ്പിടിപ്പിച്ച സിംഗപ്പൂരിനേയും അങ്ങോട്ടേക്ക് വിമാനം കയറുംമുമ്പ് മനസ്സിൽ ചേർത്തുവെച്ച നാടിന്റേയും നിറങ്ങളും ജീവിതവുമാണ് ഒഡീസി ഓഫ് കളേഴ്സിൽ നിറഞ്ഞു നിന്നത്.

ദീപ മദൻ, ഹരി ചന്ദ്ര ജയശങ്കർ, സജീവ് കുമാർ ചിയ്യാരത്ത് എന്നീ ആർട്ടിസ്റ്റുകളുടെ 57 ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. കാൻവാസിൽ അക്രിലിക്കിലും ഓയിൽ പെയിന്റിലുമാണ് ഇവർ ചിത്രങ്ങൾ ഒരുക്കിയിരിക്കുന്നത്.

ഓരോരുത്തർക്കും സന്തോഷം തരുന്ന കാര്യങ്ങളിൽ മുഴുകാനാണ് ശ്രമിക്കേണ്ടതെന്നും അങ്ങനെ ചെയ്യുമ്പോൾ ഏതു പ്രായത്തിലും ഉള്ളിലുള്ള കഴിവുകൾ നമ്മളറിയാതെ പുറത്തേക്കെത്തുമെന്നും ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്ത് ചിത്രകാരിയും സംരംഭകയും വീസ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകയും സിഎം ഡിയുമായ ഷീല കൊച്ചൗസേപ്പ് പറഞ്ഞു. എല്ലാവരുടേയും ഉള്ളിൽ കഴിവുകളുണ്ടെങ്കിലും കുറച്ചുപേർ മാത്രമാണ് അത് തിരിച്ചറിയുന്നതെന്നും അവർ വിശദമാക്കി. എല്ലാ കാര്യങ്ങളും ശ്രമിച്ചു നോക്കുമ്പോഴാണ് നമുക്ക് ഉള്ളിലെ കഴിവുകൾ തിരിച്ചറിയാനാവുകയെന്നും അവർ വിശദമാക്കി. ഇഷ്ടമുള്ള കാര്യങ്ങളിൽ മുഴുകുമ്പോൾ നിരവധി അസുഖങ്ങളും നമ്മെ തേടി വരാതിരിക്കുമെന്നും ഷീലാ കൊച്ചൗസേപ്പ് പറഞ്ഞു.

ആർട്ടിസ്റ്റ് കലാധരൻ, സജീവ് കുമാർ ചിയ്യാരത്ത്, ഹരി ചന്ദ്ര ജയശങ്കർ, ദീപ മദൻ, ദിനേശ് എന്നിവർ പ്രസംഗിച്ചു. ദർബാർ ഹാളിൽ രാവിലെ 11 മുതൽ രാത്രി ഏഴു വരെയാണ് പ്രദർശനം.



**എറണാകുളം ദർബാർ ഹാളിൽ ആരംഭിച്ച ഒഡീസി ഓഫ് കളേഴ്സ് ഷീല കൊച്ചൗസേപ്പ് ഉദ്ഘാടനം ചെയ്യുന്നു. ദീപ മദൻ, ആർട്ടിസ്റ്റ് കലാധരൻ, സജീവ് കുമാർ ചിയ്യാരത്ത്, ഹരി ചന്ദ്ര ജയശങ്കർ എന്നിവർ സമീപം**

# ഗ്ലോബൽ ആയുർവേദ ഫെസ്റ്റ് ഉദ്ഘാടനം ഒന്നിന്

**തിരുവനന്തപുരം:** ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിൻറെ (ജിഎഎഫ് 2023) അഞ്ചാം പതിപ്പ് ഡിസംബർ ഒന്നിന് ഉച്ചകഴിഞ്ഞു രണ്ടിന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഉദ്ഘാടനം ചെയ്യും.

ആരോഗ്യ പരിപാലനത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികളും നവോർജത്തോടെ ആയുർവേദവും എന്നതാണു പ്രമേയം.ആധുനിക കാലത്തെ ആരോഗ്യ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് ആയുർവേദത്തിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സമ്മേളനം ചർച്ചചെയ്യുമെന്ന് കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ പറഞ്ഞു.

ദേശീയ ആരോഗ്യ മേളയുടെ ഉദ്ഘാടനം ഒന്നിന് കേന്ദ്ര ആയുഷ് മന്ത്രി സർബാനന്ദ സോനോവാളും വിഷൻ കോൺക്ലേവ് ഉദ്ഘാടനം കേന്ദ്രമന്ത്രി പർഷോത്തം രൂപാലയും നിർവഹിക്കും. കോഓപറേഷൻ കോൺക്ലേവ് ഡിസംബർ രണ്ടിന് ശ്രീലങ്കൻ സഹമന്ത്രി ശിശിര ജയകോടി ഉദ്ഘാടനം ചെയ്യും. ബിടുബി മീറ്റ് മൂന്നിന് കേന്ദ്ര മന്ത്രി നാരായൺ റാണെ ഉദ്ഘാടനം ചെയ്യും.സമാപന സമ്മേളനം അഞ്ചിന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. സെൻറർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷൻ, കേന്ദ്ര ആയുഷ് മന്ത്രാലയം, സംസ്ഥാന സർക്കാർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ ആയുർവേദ സംഘടനകൾ ചേർന്നാണ് ജിഎഎഫ് സംഘടിപ്പിക്കുന്നത്.അംബാസഡർമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. ആയുർവേദ ഗവേഷണങ്ങൾ, ആയുർവേദ മരുന്നുകളുടെ വികസനം, ആയുർവേദ ശസ്ത്രക്രിയയിലെ പുതിയ പ്രവണതകൾ, ആയുർവേദവും പൊതുജനാരോഗ്യവും, യോഗയുടെയും ആയുർവേദത്തിൻറെയും സംയോജനം, കോവിഡ് കാലത്തെ ആയുർവേദ ഗവേഷണാനുഭവങ്ങൾ, കാൻസർന്യൂറോളജിക്കൽ രോഗ ചികിത്സാ പരിപാടി തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധചർച്ച നടക്കും.

# സംസ്ഥാന ആരോഗ്യ മേഖലയ്ക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ്

**തിരുവനന്തപുരം:** ആരോഗ്യ മേഖലയിലെ നൂതന സങ്കേതങ്ങൾക്കുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2023 കേരളത്തിന്. ഹീമോഫീലിയ, തലസീമിയ, സിക്കിൾ സെൽ അനീമിയ എന്നിവയുടെ ചികിത്സക്കായി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച ആശാധാര പദ്ധതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിനാണ് അവാർഡ് ലഭിച്ചത്. ഗാവ്കണക്റ്റും ഐലൂജ് മീഡിയയും ഐടിവകുപ്പും ചേർന്ന് ലഡാക്കിൽ വച്ച് സംഘടിപ്പിച്ച പന്ത്രണ്ടാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ കോൺക്ലേവിലാണ് അവാർഡ് പ്രഖ്യാപിച്ചത്.

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഡിജിറ്റൽ ഹെൽത്ത് നടപ്പിലാക്കാൻ പദ്ധതിയാവിഷ്ക്കരിച്ചു. 599 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് നടപ്പിലാക്കി. ഓൺലൈൻ ഒപി ടിക്കറ്റും പേപ്പർ രഹിത ആശുപത്രി സേവനങ്ങളും യാഥാർത്ഥ്യമാക്കി. ജീവിതശൈലീ രോഗനിർണയത്തിന് ഇ ഹെൽത്ത് ശൈലീ ആപ്പ് സജ്ജമാക്കി. വിപുലമായ ഇ സഞ്ജീവനി സേവനമൊരുക്കി. ലാബ് റിസൾട്ട് എസ്.എം.എസ്. ആയി ലഭിക്കുന്ന സംവിധാനം നടപ്പിലാക്കി വരുന്നു. ഹൃദ്യം പദ്ധതി സേവനം ഓൺലൈനിലാണ്. ഇതുകൂടാതെയാണ് ആശാധാരയ്ക്കായി പുതിയ പോർട്ടൽ വികസിപ്പിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ആശാധാര പദ്ധതിയുടെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും ഏകോപനത്തിനുമായി ആരോഗ്യ വകുപ്പിന് വേണ്ടി സി ഡിറ്റ് ആണ് ആശാധാര പോർട്ടൽ വികസിപ്പിച്ചത്. രണ്ടായിരം പേർ നിലവിൽ ആശാധാര വഴി രജിസ്റ്റർ ചെയ്ത് ചികിത്സ തേടുന്നുണ്ട്. ഇവരുടെ ചികിത്സ സംബന്ധിച്ച വിവരങ്ങൾ ആശുപത്രികൾക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ഇത് ജില്ലാ, സംസ്ഥാന തലങ്ങളിൽ പരിശോധിച്ച് മരുന്നുകൾ സംഭരിക്കുന്നതിനും, ഭരണപരമായ തീരുമാനങ്ങൾക്കും അശാധാര പോർട്ടൽ സഹായിക്കുന്നു.

കേരളത്തിൽ ആശാധാര പദ്ധതി വഴി 96 കേന്ദ്രങ്ങളിലായാണ് ഹീമോഫീലിയ ചികിത്സ നൽകി വരുന്നത്. താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള കേന്ദ്രങ്ങളിലാണ് നിലവിൽ ചികിത്സാ സൗകര്യങ്ങളുള്ളത്. എല്ലാ ജില്ലകളിലും പ്രത്യേക ആശാധാര ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങൾ കുറവുള്ളവർക്ക് ഫാക്ടർ നൽകുന്നതിന് പുറമെ, ശരീരത്തിൽ ഇൻഹിബിറ്റർ (ഫാക്ടറിനോട് പ്രതിപ്രവർത്തനമുണ്ടായി ഫാക്ടർ ചികിത്സ ഫലിക്കാത്ത സാഹചര്യം) അളവ് പരിശോധിക്കാനും തുടർന്ന് വേണ്ട ആളുകൾക്ക് എപിസിസി, മോണോക്ലോണൽ ആന്റിബോഡി ചികിത്സകളും നിലവിൽ നൽകി വരുന്നുണ്ട്. ഇതുകൂടാതെ പ്രത്യേക ഫിസിയോതെറാപ്പി സൗകര്യവും ജില്ലാതലത്തിൽ നിലവിലുണ്ട്.

